**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വസ്തു നികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നവർക്കു പിഴപ്പലിശ ഒഴിവാക്കി നൽകുന്ന നടപടി 31.03.2017 വരെ ദീർഘിപ്പിക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.278/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 01.02.2017

പരാമർശം: 1. 7.11.2016 തീയതിയിലെ സ.ഉ.(സാ.ധാ)നം.3039/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 5.1.2017 ലെ സി3- 24035/16 നമ്പർ കത്ത്.

3. സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 18.1.2017 ലെ 2.18 -ാം നമ്പർ തീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിഴപ്പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള കാലാവധി 31.12.2016 വരെ നീട്ടി നൽകുന്നതിന് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നോട്ട് പിൻവലിക്കൽ നിരോധനം നിലനില്ക്കുന്ന സാഹചര്യത്തിൽ വസ്തുനികുതി കുടിശ്ശിക പിഴപ്പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള കാലാവധി 31.3.2017 വരെ നീട്ടി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സർക്കാരിന് ശിപാർശ നൽകിയിരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിഴപ്പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള കാലാവധി 31.3.2017 വരെ നീട്ടി നൽകുന്നതിന് സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റി പരാമർശം മൂന്നു പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് 1994-ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 538(2), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209(ഇ) എന്നിവയിലെ വ്യവസ്ഥകൾ ഇളവ് ചെയ്തു് വസ്തു നികുതി കുടിശ്ശിക ഒറ്റതവണയായി അടയ്ക്കുന്നപക്ഷം പിഴപ്പലിശ ഒഴിവാക്കി നൽകുന്ന നടപടി 31.03.2017 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ